# ഫോറസ്ട്രി ഇൻഫർമേഷൻ ബ്യൂറോ

ഫോറസ്റ്റ് ഹെഡ്ക്വാർട്ടേഴ്സ്,വഴുതക്കാട്,

തിരുവനന്തപുരം

website: www.forest.keralagov.in, Email: fibnews@gmail.com, Ph. 0471- 2529145


## പത്രക്കുറിപ്പ്

തീയതി.22.02.2019

### ശെന്തുരുണിയിൽ പുതിയ ഇക്കോടൂറിസം സംരംഭങ്ങൾ: ഉദ്ഘാടനം നാളെ (ഫെബ്രുവരി 24)

ശെന്തുരുണി വന്യജീവി സങ്കേതത്തിന്റെ ഭാഗമായ ശെന്തുരുണി ഇക്കോടൂറിസം പദ്ധതികളുടെ വിപുലീകരണം ലക്ഷ്യമിട്ടുകൊണ്ട് പുതിയ സംരംഭങ്ങൾ നടപ്പാക്കുന്നു. കുട്ടവഞ്ചി സവാരി, ബാംബൂ റാഫ്റ്റിംങ്, ബാബൂ ഹട്ട്, പക്ഷിനിരീക്ഷണ ട്രക്കിംങ് എന്നിവയാണ് പുതുതായി ആരംഭിക്കുന്ന സംരംഭങ്ങൾ. വിപുലീകരണ പ്രവർത്തനങ്ങളുടെ ഉദ്ഘാടനം നാളെ (ഫെബ്രുവരി 24) വൈകിട്ട് 4 മണിക്ക് വനം-വന്യജീവി വകുപ്പുമന്ത്രി അഡ്വ. കെ. രാജു നിർവ്വഹിക്കും. പുതുതായി രൂപീകരിച്ച കളംക്കുന്ന് ഇക്കോഡെവലപ്പ്മെന്റ് കമ്മിറ്റയുടെ അംഗത്വ വിതരണവും ഇതോടൊപ്പം നടക്കും.

ശെന്തുരുണി വന്യജീവി സങ്കേതത്തിലെ പള്ളംവെട്ടി റിസർവോയറിലാണ് 10 കുട്ടവഞ്ചികൾ സജ്ജീകരിച്ചിട്ടുള്ളത്. മുളം ചങ്ങാടത്തിലുള്ള യാത്രയും ഈ ജലാശയത്തിൽ തന്നെയാണ്. ഒരു മുളം ചങ്ങാടത്തിൽ 12 പേർക്ക് സഫാരി നടത്താം. കളംക്കുന്ന് തുരുത്തിലാണ് മുളകൊണ്ടുള്ള കോട്ടേജ് നിർമ്മിച്ചിട്ടുള്ളത്. തെന്മല ഡാം ജംഗ്ഷനിൽ നിന്നും 3 കി.മീറ്റർ ദൂരം സഞ്ചരിച്ചാൽ ഇവിടെയെത്താം. തിരുവനന്തപുരം- ചെങ്കോട്ട റോഡിനു സമീപമുള്ള കട്ടിളപ്പാറ പ്രദേശത്താണ് പക്ഷി നിരീക്ഷണത്തിനുവേണ്ടിയുള്ള പാക്കേജ് ഏർപ്പെടുത്തിയിട്ടുള്ളത്.

കുളത്തൂപ്പുഴ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പി.ലൈലാ ബീവി അദ്ധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ എൻ.കെ.പ്രേമചന്ദ്രൻ എം.പി. മുഖ്യാതിഥിയാകും. അഗസ്ത്യവനം ബയോളജിക്കൽ പാർക്ക് സർക്കിൾ ഫോറസ്റ്റ് കൺസർവേറ്റർ കെ. ആർ. അനൂപ് റിപ്പോർട്ട് അവതരിപ്പിക്കും. ഇക്കോടൂറിസം ഡയറക്ടർ പി.പി. പ്രമോദ്, സതേൺ സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ കെ. വിജയാനന്ദൻ, തെന്മല ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ലൈലജ, മറ്റ് ത്രിതല പഞ്ചായത്ത് ജനപ്രതിനിധികൾ, വിവിധ രാഷ്ട്രീയ കക്ഷി നേതാക്കൾ തുടങ്ങിയവർ ആശംസകൾ അർപ്പിക്കും. തെന്മല പള്ളംവെട്ടിയിൽ നടക്കുന്ന ചടങ്ങിന് ചീഫ് വൈൽഡ്ലൈഫ് വാർഡൻ സുരേന്ദ്രകുമാർ സ്വാഗതവും ശെന്തുരുണി വൈൽഡ്ലൈഫ് വാർഡൻ എ. ഷാനവാസ് കൃതജ്ഞതയും അർപ്പിക്കും.

22/2/19

ഡോ. അഞ്ചൽ കൃഷ്ണകുമാർ
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോറസ്ട്രി ഇൻഫർമേഷൻ ബ്യൂറോ

FIBPR-76/19